**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 3234** **29.01.2014 - ൽ മറുപടിക്ക്**

**വിദ്യാഭ്യാസ വായ്പാ പലിശ ഇളവ് ചെയ്യൽ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയും വായ്പയുടെ പലിശയും ഇളവുചെയ്ത് ഉത്തരവിറക്കിയിട്ടുണ്ടോ ; ഇതിന്റെ വിശദവിവരവും ഉത്തരവിന്റെ പകർപ്പും നൽകാമോ ; ഏതു കാലയളവിൽ ഏതെല്ലാം ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്കാണ് മുതലിലോ പലിശയിലോ ഇളവ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) അംഗീകൃത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ എൻട്രൻസ് ടെസ്റ്റ്/ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ 01.04.2004 - 31.03.2009 കാലയളവിൽ എടുത്ത വിദ്യാഭ്യാസ വായ്പയ്ക്ക് ചില നിബന്ധനകൾക്ക് വിധേയമായി പലിശയിളവ് അനുവദിക്കുന്നുണ്ട്.<br><br>ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 1 മുതൽ 3 വരെ ഉള്ളടക്കം ചെയ്തിട്ടുണ്ട്.<br><br>2004-2009 കാലയളവിൽ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാർഗ്ഗ നിർദ്ദേശ പ്രകാരം വായ്പ എടുത്തവർക്കാണ് പലിശയിളവിന് അർഹത. |

( -----2)

വിദ്യാഭ്യാസ വായ്പയുടെ മുതൽ ഇളവ് ചെയ്യുന്നതിനുള്ള സ്കീം ഒന്നും നിലവിലില്ല.

(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ വിദ്യാഭ്യാസ വായ്പ എന്നു മുതൽക്കാണ് സർക്കാർ അറിവോടെ ബാങ്കുകളിൽ നിന്നും അനുവദിച്ചു തുടങ്ങിയത് എന്നു പറയാമോ ; വിദ്യാഭ്യാസ വായ്പാ പലിശ ഇളവിൽ ഈ പറഞ്ഞ എല്ലാ കാലയളവിലും വായ്പ കരസ്ഥമാക്കിയവരെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു പറയാമോ ; ഇല്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2001-2002 കാലഘട്ടം മുതൽ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകി വരുന്നു. എന്നാൽ വിദ്യാഭ്യാസ വായ്പ പദ്ധതി വ്യാപകമായത് 2004 മുതലാണ്.

2004-2009 കാലഘട്ടത്തിൽ എടുത്ത വിദ്യാഭ്യാസ വായ്പയ്ക്കാണ് സംസ്ഥാന സർക്കാർ പലിശയിളവ് അനുവദിച്ചിട്ടുള്ളത്.

സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത, വിദ്യാഭ്യാസ വായ്പാ പദ്ധതി 2004 മുതൽക്കാണ് വ്യാപകമായത് എന്നീ വസ്തുതകൾ പരിഗണിച്ചാണ് പലിശയിളവ് നൽകുന്ന കാലയളവ് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തത്.

(സി) 2004 ഏപ്രിൽ മാസത്തിനു മുമ്പ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയും ഇളവു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ